# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1283 04.12.2014-ൽ മറുപടി

## ഭൂരഹിതരില്ലാത്ത കേരളം 2015 പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം 2015 പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015' ഇതിനകം ആരംഭിക്കുകയും, ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | വാർഷിക കുടുംബവരുമാനം 75,000/- രൂപയിൽ താഴെയുള്ളതും സ്വന്തമായി ഭൂമി ഇല്ലാത്തതുമായ കുടുംബങ്ങൾക്ക് വീട് വയ്ക്കുവാൻ മൂന്ന് സെന്റ് ഭൂമി വീതം പതിച്ചു കൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം |
| (സി) | ഭൂരഹിതരായവർക്ക് നൽകാനുള്ള ഭൂമി കണ്ടെത്തുന്നതിനും അവ വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) & (ഡി)<br>താലൂക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനം ഏകോപിപ്പിച്ചു വരുന്നു. പദ്ധതിക്കാവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള പ്രവർത്തനം വില്ലേജാഫീസർമാർ, തഹസിൽദാർമാർ, ജില്ലാ കളക്ടർമാർ എന്നിവരുടെ മേൽനോട്ടത്തിൽ അതിവേഗം നടന്നുവരികയാണ്. അവലോകന യോഗങ്ങൾ നടത്തി പ്രവർത്തന പുരോഗതി കൃത്യമായി വിലയിരുത്തുകയും ചെയ്യുന്നു. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ ഒരുക്കിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | |
| (ഇ) | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്? | 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015' മിഷൻ 676-ൽ ഉൾപ്പെടുത്തിക്കൊണ്ട് വാസയോഗ്യമായ മുഴുവൻ സർക്കാർ ഭൂമിയും കണ്ടെത്തുവാൻ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു. |

C.L.V.Kumar

സെക്ഷൻ ഓഫീസർ